"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - വണ്ടിത്താവളം കെ.കെ.എം.ഹയർ സെക്കണ്ടറി സ്കൂളിലെ ഹെഡ് മാസ്റ്റർ ശ്രീ.എ.ശശികുമാർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23727/2021 ലെ 01.11.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2335/2022/GEDN തീയതി,തിരുവനന്തപുരം, 08-04-2022

---

പരാമർശം:-

1. ശ്രീ.എ.ശശികുമാറിന്റെ 27.09.2021 ലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി 5)
2. ശ്രീ.എ.ശശികുമാർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23727/2021 ലെ 01.11.2021 ലെ വിധിന്യായം
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03.02.2022 ലെ ബി1/4775/2021 നമ്പർ കത്ത്
4. കോഴിക്കോട് സൂപ്പർ ചെക്ക് സെൽ ഓഫീസറിന്റെ 08.02.2022 ലെ എസ്.സി/21/2020/കെ.കെ.ഡി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വണ്ടിത്താവളം കെ . കെ . എം . ഹയർ സെക്കണ്ടറി സ്കൂളിലെ ഹെഡ് മാസ്റ്റർ ശ്രീ . എ . ശശികുമാർ ബഹു . കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23727/2021 ലെ 01.11.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി 5 റിവിഷൻ ഹർജി ഹർജിക്കാരനെയും മാനേജരേയും 6 മുതൽ 8 വരെയുള്ള എതിർ കക്ഷികളെയും ഉചിത മാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു . ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 14.2.2022 ന് കേട്ടു . ഹർജിക്കാരൻ , 6,7,8 എതിർകക്ഷികൾ എന്നിവരുടെ വാദം ചുവടെ ചേർക്കുന്നു.

"പാലക്കാട് ജില്ലയിലെ വണ്ടിത്താവളം കെ.കെ.എം. ഹയർസെക്കന്ററി സ്കൂളിന്റെ ഹൈസ്കൂൾ തലം വരെയുള്ള 2019-20 ലെ തസ്തിക നിർണ്ണയത്തിൽ വ്യാജമായി ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാർത്ഥികളെക്കൂടി കണക്കിലെടുത്താണ് തസ്തിക നിർണ്ണയം നടത്തിയതെന്ന സൂപ്പർചെക്ക്സെല്ലിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളിന്റെ 8-ാം സ്റ്റാൻഡേർഡിലെ മലയാളം വിഭാഗത്തിലെ ഒരു ഡിവിഷനും അനുബന്ധ തസ്തികകളും റദ്ദാക്കി അനുബന്ധ തസ്തികയിൽ ജോലി ചെയ്യുന്നവരെ സർവ്വീസിൽ നിന്നും നീക്കിക്കൊണ്ടുള്ള

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിനെതിരെയാണ് റിവിഷൻ ഹർജി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XXIII ലെ ചട്ടം 1 2 എഫ് പ്രകാരം സർക്കാർ തീരുമാനത്തിനായി ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ളത്.

റിവിഷൻ ഹർജിയ്ക്ക് ആധാരമായ വസ്തുതകൾ നിലവിലുള്ള നടപടിക്രമങ്ങൾക്കും ഉത്തരവുകൾക്കും ചട്ടങ്ങൾക്കും കോടതി വിധിയ്ക്കും അനുസൃതമായി പരിഗണനയിലെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി താഴെപറയും പ്രകാരം സമർപ്പിക്കുന്നു-

പാലക്കാട് ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിലുള്ള വണ്ടിത്താവളം ഹയർസെക്കന്ററി സ്കൂളിന്റെ ഹൈസ്കൂൾ തലം വരെയുള്ള 2019-20 ലെ തസ്തിക നിർണ്ണയത്തിൽ പാലക്കാട് ജില്ലാവിദ്യാഭ്യാസ ഓഫീസർ താഴെപറയും പ്രകാരമുള്ള ഡിവിഷനുകൾ അനുവദിച്ച് ഉത്തരവായിരുന്നു.

| Standards | V | VI | VII | VIII | IX | X | Total |
|---|---|---|---|---|---|---|---|
| Strength of students on the $6^{th}$ working day<br>Malayalam | 161 | 188 | 157 | 213 | 199 | 210 | 1128 |
| Tamil | 16 | 8 | 15 | 12 | 11 | 11 | 73 |
| Effective Strength<br>Malayalam | 161 | 188 | 157 | 213 | 199 | 210 | 1128 |
| Tamil | 16 | 8 | 15 | 12 | 11 | 11 | 73 |
| Divisions Sanctioned in the academic year<br>2019-20<br>Malayalam | 5 | 6 | 5 | 7 | 5 | 5 | 33 |
| Tamil | 1 | 1 | 1 | 1 | 1 | 1 | 6 |

തുടർന്ന് 23/07/2019-ലെ ജി.ഒ (എം.എസ്) 95/2019/പൊ.വി.വ നം. ഉത്തരവ് പ്രകാരം വണ്ടിത്താവളം ഹൈസ്കൂളിന്റെ 2019-20 ലെ തസ്തിക നിർണ്ണയത്തിൽ 9, 10 സ്റ്റാൻഡേർഡുകളിലെ കുട്ടികളുടെ സംഖ്യാബലത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നഷ്ടപ്പെടുന്ന എച്ച്.എസ്.എ (എൻ.എസ്) അദ്ധ്യാപികയായ ശ്രീമതി. മീരയെ നിലനിർത്തുന്നതിനായി 1:40 അനുപാതത്തിൽ ഒരു ഡിവിഷനും തസ്തികയുംകൂടി പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതും

തദനുസൃതമായി 18 തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്.

തമിഴ്നാട് സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശമായ കേരള സംസ്ഥാനത്തിലെ വണ്ടിത്താവളം കെ.കെ.എം ഹയർസെക്കന്ററി സ്കൂൾ തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശത്ത് പ്രവർത്തിക്കുന്ന സ്കൂളായതിനാൽ മലയാളം മീഡിയം ക്ലാസ്സുകൾക്ക് പുറമെ ഈ സ്കൂളിൽ തമിഴ്നാട് വംശജരായ കുട്ടികൾക്കായി തമിഴ് മീഡിയം ക്ലാസ്സുകളും അഞ്ചു മുതൽ പത്ത് വരെ സ്റ്റാൻഡേർഡുകളായി പ്രവർത്തിക്കുന്നുണ്ട്.

2019-20 ലെ തസ്തിക നിർണ്ണയം ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം 27/11/2019-ൽ കോഴിക്കോട് സൂപ്പർചെക്ക് സെൽ ഈ സ്കൂളിൽ സന്ദർശനം നടത്തുകയും കുട്ടികളുടെ ഹാജർനില പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിവിധ സ്റ്റാൻഡേർഡുകളിലായി താഴെ പറയുന്ന കുട്ടികൾ മാത്രമേ ഹാജരായിരുന്നുള്ളൂവെന്ന് സൂപ്പർചെക്ക് സെൽ കണ്ടെത്തിയിരുന്നു.

| Standards | No. of students present in the class Malayalam | Tamil |
|---|---|---|
| V | 138 | 6 |
| VI | 163 | 4 |
| VII | 138 | 5 |
| VIII | 189 | 6 |
| IX | 192 | 6 |
| X | 183 | 7 |
| Total | 1003 | 34 |
| Absentees | 1128-1003=125 | 73-34=39 |

Total absentees = 125 + 39 = 164

ഇപ്രകാരമുള്ള സൂപ്പർചെക്ക് സെല്ലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/07/2020-ലെ എസ്.സി/21/2020/കെ.ഡിസ് നമ്പറിലുള്ള ഉത്തരവ്. സൂപ്പർ ചെക്ക് സെല്ലിന്റെ പരിശോധനയിൽ ആദ്യ പരിശോധനാ ദിവസമായ 27/11/2019-ൽ 165 കുട്ടികൾ ഹാജരായില്ല എന്ന് രേഖപ്പെടുത്തിയത് വസ്തുതാപരമല്ല യഥാർത്ഥത്തിൽ ഹാജരാകാതിരുന്നത് മേൽപ്പറഞ്ഞ കണ്ടെത്തൽ പ്രകാരം 164 കുട്ടികളാണ് എന്ന് വ്യക്തമാണ്. ആദ്യ പരിശോധനാ ദിവസമായ 27/11/2019-ന് ശേഷം സൂപ്പർ ചെക്ക് സെൽ 22/01/2020-ൽ ബന്ധപ്പെട്ട രേഖകളും കുട്ടികളുടെ ഹാജർ നിലയും പരിശോധിക്കുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ താഴെ പറയുന്ന 2 2 കുട്ടികളെ റോളിൽ നിന്നും നീക്കം ചെയ്തതായി കണ്ടെത്തുകയുണ്ടായി. ഇപ്രകാരം റോളിൽ നിന്നും നീക്കം ചെയ്യപ്പെട്ട 2 2 കുട്ടികളുടെ വിവരങ്ങൾ താഴെപറയും പ്രകാരമാണ്.

| Sl. | Admn. | Name of Pupil | Std | Whether | Date of removal | Remarks |
|---|---|---|---|---|---|---|

| No. | No. | | | Mala/Tamil | from the roll | |
|---|---|---|---|---|---|---|
| 1 | 25641 | Arunkumar. M | IX F | Tamil | 01/08/2019 | Long absence beyond 15 days |
| 2 | 25640 | Aravindkumar M | IX F | Tamil | 01/08/2019 | “ “ |
| 3 | 25642 | Balakrishnan N | IX F | Tamil | 01/08/2019 | “ |
| 4 | 25400 | Soorya K | VII F | Tamil | 01/08/2019 | “ “ |
| 5 | 23372 | Sivaraj N | X F | Tamil | 01/08/2019 | “ “ |
| 6 | 25373 | Vigneshwaran P | X F | Tamil | 01/08/2019 | “ |
| 7 | 25374 | Arunkumar S | VIII F | Tamil | 29/07/2019 | “ “ |
| 8 | 24567 | Abhijith M | X G | Malayalam | 30/09/2019 | “ “ |
| 9 | 25648 | Sakthivel K | VI F | Tamil | 30/09/2019 | “ “ |
| 10 | 25776 | Ajith Kumar S | V F | Tamil | 28/06/2019 | “ “ |
| 11 | 25777 | Harshan K | V F | Tamil | 28/06/2019 | “ “ |
| 12 | 25778 | Nirmal Kumar A | V F | Tamil | 30/07/2019 | “ “ |
| 13 | 25779 | Santhosh Kumar M | V F | Tamil | 30/07/2019 | “ “ |
| 14 | 25775 | Keerthana | VF | Tamil | 30/07/2019 | “ “ |
| 15 | 25091 | Rifas F | VIII F | Tamil | 22/07/2019 | “ “ |
| 16 | 25090 | Shifas. I | VIII F | Tamil | 22/07/2019 | “ “ |
| 17 | 25698 | Sreya S | VI F | Tamil | 26/08/2019 | “ “ |
| 18 | 25149 | Elanko S | VIII F | Tamil | 29/08/2019 | “ |
| 19 | 253071 | Nagaraj K | X F | Tamil | 02/09/2019 | “ |
| 20 | 24388 | Sujithra K | X B | Malayalam | 30/10/2019 | “ |
| 21 | 25175 | Punith S | X F | Tamil | 29/11/2019 | “ |
| 22 | 25370 | Ram K | X F | Tamil | 02/09/2019 | “ |

ഈ വിഷയത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം VI ലെ ചട്ടം 15 ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത ചട്ടത്തിലെ സബ് റൂൾ (iii) പ്രകാരം 15 ദിവസം തുടർച്ചയായ സാദ്ധ്യായ ദിവസങ്ങളിൽ ഹാജരാകാതിരിക്കുന്ന കുട്ടികളെ റോളിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതിനാൽ പ്രസ്തുത ചട്ടത്തിന് അനുസൃതമായാണ് സ്കൂൾ തുറന്ന് 6-ാം സാദ്ധ്യായ ദിവസത്തിന് ശേഷം തുടർച്ചയായി 1 5 സാദ്ധ്യായ ദിവസങ്ങളിൽ ഹാജരാകാതിരുന്ന കാരണത്താലാണ് മേൽപ്പറഞ്ഞ കുട്ടികളെ റോളിൽ നിന്നും നീക്കം ചെയ്തിട്ടുള്ളത്.

27/11/2019-ൽ സൂപ്പർചെക്ക് സെൽ ആദ്യ പരിശോധനയ്ക്ക് വരുന്നതിന് മുമ്പ് തന്നെയാണ് മേൽപ്പറഞ്ഞ കുട്ടികളെ ചട്ടങ്ങൾക്കനുസൃതമായി 6-ാം സാദ്ധ്യായ ദിവസത്തിന് ശേഷം 15 ദിവസത്തിൽ കൂടുതൽ ദിവസങ്ങളിൽ ഹാജരാകാതിരുന്ന കാരണത്താൽ ചട്ടപ്രകാരം റോളിൽ നിന്നും നീക്കം ചെയ്തത്. ആയതിനാൽ ചട്ടപ്രകാരമുള്ള ഈ നടപടിക്രമം ചോദ്യം ചെയ്യാവുന്നതല്ല. പ്രധാനാദ്ധ്യാപകന്റെ ചുമതലപ്രകാരം ചട്ടപ്രകാരം നടത്തിയ നീക്കം ചെയ്യൽ മാത്രമാണ്.

മേൽപ്പറഞ്ഞ പ്രകാരം നീക്കം ചെയ്ത കുട്ടികളിൽ രണ്ട് കുട്ടികൾ (സീരിയൽ നം.8,20) മാത്രമാണ് മലയാളം മീഡിയത്തിൽ 2019-20 ലെ തസ്തിക നിർണ്ണയത്തിൽ ഉൾപ്പെട്ടിരുന്നത്. തമിഴ് നാട് വംശജരായ പ്രസ്തുത കുട്ടികൾ മുൻ വർഷങ്ങളിൽ അഡ്മിഷൻ നേടിയിരുന്നവരും പഠനം നിർത്തിയ സാഹചര്യത്തിലുമാണ് സ്കൂളിൽ ഹാജരാകാതെ വന്നതിനെ തുടർന്ന് ചട്ടപ്രകാരം റോളിൽ നിന്നും നീക്കം ചെയ്യാൻ ഇടയായത്. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച 09/10/1990-ലെ RA1(1)/67927/90/LDis/DPI നമ്പർ ഉത്തരവിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ആലപ്പുഴ ജില്ലയിലെ നടുവട്ടം ഹൈസ്കൂളിലെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവിൽ സ്കൂൾ തുറന്ന് 6-ാം സാദ്ധ്യായ ദിവസത്തിന് ശേഷം ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരം 15 ദിവസം തുടർച്ചയായി ഹാജരാകാതിരുന്ന കുട്ടികളെ 6-ാ സാദ്ധ്യായ ദിവസത്തിന് ശേഷം റോളിൽ നിന്നും നീക്കം ചെയ്തിട്ടുള്ളത് സ്കൂളിന്റെ സ്റ്റാഫ് ഫിക്സേഷനെ ബാധിക്കാൻ പാടില്ല എന്ന് ഡയറക്ടർ ഉത്തരവായിട്ടുള്ളതാണ്. കൂടാതെ 10/11/2009-ലെ സ.ഉ.(സാധാ) 4664/2009/പൊ.വി.വ നം. സർക്കാർ ഉത്തരവിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു - പ്രസ്തുത ഉത്തരവിലെ 9-ാം ഖണ്ഡികയിൽ താഴെ പറയും പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്-

"9-കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXIII റൂൾ 15 പ്രകാരം Bogus admission, Attendance, Fraud, mis representation എന്നിവയും അതുപോലെയുള്ള മറ്റ് കാര്യങ്ങളും വ്യക്തമാകുമ്പോൾ വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാർക്ക് അക്കാദമിക് വർഷത്തിന്റെ ഏത് ഘട്ടത്തിലും തസ്തിക പുനർനിർണ്ണയം ചെയ്യാൻ അധികാരമുണ്ട്. എന്നാൽ തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം ടി.സി വാങ്ങിപ്പോയത് കണക്കാക്കി തസ്തിക പുനർനിർണ്ണയിക്കാൻ കേരള വിദ്യാഭ്യാസ ചട്ടത്തിൽ നിലവിൽ വ്യവസ്ഥയില്ല. അതിനാൽ ഏകദിന വെരിഫിക്കേഷന് എടുത്ത തസ്തികയുടെ എണ്ണം തന്നെ പരിഗണിക്കേണ്ടതാണ്. അതിനുശേഷം ടി.സി വാങ്ങിപ്പോയതോ ടി.സി വാങ്ങിച്ചേർന്നതോ ആയ കുട്ടികളുടെ എണ്ണം എടുക്കാറില്ല".

ആയതിനാൽ 6-ാം സാദ്ധ്യായ ദിവസത്തിന് ശേഷം 15 ദിവസത്തിൽ കൂടുതൽ സാദ്ധ്യായ

ദിവസങ്ങളിൽ ഹാജരാകാതിരിക്കുന്ന കുട്ടികളെയും 6-ാം സാദ്ധ്യായ ദിവസത്തിന് ശേഷം ടി.സി വാങ്ങിപ്പോയ കുട്ടികളെയും റോളിൽ നിന്നും നീക്കം ചെയ്തത് ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായതിനാലും മേൽപ്പറഞ്ഞ കുട്ടികൾ വ്യാജമായ അഡ്മിഷൻ നേടിയ കുട്ടികളാണെന്നുള്ള കണ്ടെത്തൽ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. മാത്രവുമല്ല ഇപ്രകാരം 6-ാം സാദ്ധ്യായ ദിവസത്തിന് ശേഷം റോളിൽ നിന്നും നീക്കം ചെയ്യപ്പെട്ട കുട്ടികളുടെ എണ്ണം തസ്തിക നിർണ്ണയ ഉത്തരവിനെ ബാധിക്കാൻ പാടില്ലാത്തതുമാണ്.

മാത്രവുമല്ല മേൽപ്പറഞ്ഞ പട്ടികയിലെ കുട്ടികളിൽ ക്രമ നം.1,2,4,5,6,7,8,9,17,19,20,22 എന്നിവർ മുൻവർഷങ്ങളിൽ സമ്പൂർണ്ണ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് മുഖേനെ അഡ്മിഷൻ നേടിയവരാണ് കൂടാതെ സൂപ്പർ ചെക്ക് സെല്ലിന്റെ 22/01/2020-ലെ രണ്ടാം പരിശോധനയിൽ താഴെപറയുന്ന കുട്ടികൾ രണ്ട് പരിശോധനാ ദിവസങ്ങളിലും സ്കൂളിൽ ഹാജരാകാതിരുന്നതിനാൽ വ്യാജമായി റോളിൽ ഉൾപ്പെടുത്തിയ കുട്ടികളാണ് എന്ന നിഗമനത്തിലാണ് എത്തിയിട്ടുള്ളത്.

| Sl. No. | Admin No. | Name of Pupil | Std | Whether Mala/Tamil | Date of removal/TC if any | Actual status of the student concerned |
|---|---|---|---|---|---|---|
| 1 | 25713 | Sajith K | V B | Malayalam | -- | This student is now continuing in std VII B and this can be verified at any time |
| 2 | 25907 | Praveen S | V F | Tamil | .. | He is continuing in Std VII F which can be verified at any time. |
| 3 | 25905 | Pratheesh S | V F | Tamil | .. | He is continuing in Std VII F which can be verified at any time. |
| 4 | 25659 | Abhishek.K | VI C | Malayalam | While continuing in std VIII C in the school he was removed by TC on 24/06/2021 | Now he is continuing in PP HSS, Kannimari (Perumatti Panchayath) Copy of TC with Certificate of the HM that he is continuing in the school are submitted |
| 5 | 25665 | Udayakumar A | VI F | Tamil | Regular student | He is continuing as a regular student in standard VIII presently. This can be verified. |
| 6 | 25882 | Karthika K. | VII F | Tamil | Removed on 17/12/2019 | She was removed from the roll for long absence. |
| 7 | 25089 | Vishnu Sankar | VIII | Malayalam | Regular student | He is continuing in Xth A. He |

| | | | | | | |
|---|---|---|---|---|---|---|
| | | S | A | | | is appearing for SSLC examination March 2022. His name is included against Serial No. 37 in the SSLC Examination. A list Copy of Alists of students appearing for SSLC, March 2022 is submitted |
| 8 | 25826 | Gopakumar | VIII A | Malayalam | Regular Student in Std X. | His name is included against serial No. 22 in the list of students appearing for March 2022 SSLC Examination |
| 9 | 25922 | Jinesh.S (IED) | VIII A | Malayalam | Removed by TC on 12/06/2021 while continuing as a regular student in standard X A | This can be verified from the records kept in the school. |
| 10 | 25916 | Yadhu Krishnan R (IED) | VIII A | Malayalam | He is continuing as Regular student in std X A and is appearing for 2022 March SSLC examination | This can be verified from the A list No.39 |
| 11 | 24984 | Akilesh Venu (IED) | VIII B | Malayalam | He is continuing as Regular student in std X B and is appearing for 2022 March SSLC examination | This can be verified from the A list. |
| 12 | 25893 | Murukan S | VIII B | Malayalam | He is continuing as Regular student in std X B and is appearing for 2022 March SSLC examination | This can be verified from the A list |
| 13 | 25566 | Dhanush M | IX A | Malayalam | He passed SSLC Examination March 2021 while continuing in the school in standard X A. | Copy of SSLC certificate is submitted |
| 14 | 25938 | Manju M | IX | Malayalam | She continued in | Candidate Cancellation |

| | | | | | | |
|---|---|---|---|---|---|---|
| | | | A | | the school in standard X A prepared for the SSLC examination but could not appear for the examination being a cancer patient in acute state | certificate for SSLC Exam issued by the Secretary Pareeshkh-bhavan is submitted |
| 15 | 24727 | Devika | IX G | Malayalam | She continued as a regular student in std X G and passed out in the SSLC Examination scoring Full A+ | Copy of SSLC certificate |
| 16 | 24889 | Sanjay J | X A | Malayalam | He continued as a regular student in the school in std. X A and appeared for the SSLC examination on March 2020 and passed SSLC | Copy of SSLC is submitted |
| 17 | 24470 | Prasanth S | X G | Malayalam | He continued as a regular student in the school in std X G and appeared for the SSLC examination on March 2020 and passed SSLC. | Copy of SSLC is submitted. |

ആയതിനാൽ മേൽപ്പറഞ്ഞ 17 കുട്ടികളും 2019-20 ൽ റഗുലർ വിദ്യാർത്ഥികളായി ഈ സ്കൂളിൽ പഠിച്ചിരുന്നവരാണ്. ഇവരിൽ ക്രമ നം.16, 17 (സഞ്ജയ് ജെ, പ്രശാന്ത് എസ്) എന്നിവർ ഈ സ്കൂളിലെ റഗുലർ വിദ്യാർത്ഥികളായി 2 0 2 0 മാർച്ച് എസ്.എസ്.എൽ.സി എക്സാമിനേഷൻ എഴുതിയവരും എസ്.എസ്.എൽ.സി പാസ്സായവരുമായിരുന്നു. ഈ രണ്ടുപേരെയും വ്യാജമായി ഉൾപ്പെടുത്തിയ കുട്ടികളല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വ്യാജമായി ചേർത്ത കുട്ടികളല്ലായെന്ന് കണ്ടെത്തി ഒഴിവാക്കിയെങ്കിലും ഇവരെക്കൂടി വ്യാജ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉൾപ്പെടുത്തിയാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ

03/09/2021-ലെ എസ്.സി/21/2020 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെടേണ്ടതാണ്.

താഴെ പറയുന്ന കാരണങ്ങളാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്യപ്പെടേണ്ടതും അനന്തര നടപടികൾ ഒഴിവാക്കി ഉത്തരവാകേണ്ടതുമാണ്.

കാരണങ്ങൾ

1. 2019-20 ലെ സ്റ്റാഫ് ഫിക്സേഷനിൽ ഉൾപ്പെട്ടവരും എന്നാൽ ചട്ട പ്രകാരം 6-ാം സാദ്ധ്യായ ദിവസത്തിന് ശേഷം റോളിൽ നിന്നും നീക്കം ചെയ്യപ്പെട്ടവരുമായ 2 2 വിദ്യാർത്ഥികൾ വ്യാജമായി ഉൾപ്പെടുത്തിയവരാണ് എന്നും അക്കാരണത്താൽ 2019-20 ലെ തസ്തിക നിർണ്ണയത്തിൽ ഇവരെ ഒഴിവാക്കി തസ്തിക നിർണ്ണയം പുനർനിർണ്ണയിക്കുന്നതിനുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ്, ഡയറക്ടർ തന്നെ പുറപ്പെടുവിച്ച 09/10/1990 – ലെ ആർ.എ1/67927/90/എൽ.ഡിസ് നം. ഉത്തരവിനും സർക്കാർ പുറപ്പെടുവിച്ച 10/11/2009-ലെ സ.ഉ (സാധാ) 4664/2009/പൊ.വി.വ നം. ഉത്തരവിനും വിരുദ്ധമായ നടപടിയാണ്. ചട്ടപ്രകാരം 6-ാം സാദ്ധ്യായ ദിവസത്തിന് ശേഷം റോളിൽ നിന്നും നീക്കം ചെയ്യപ്പെട്ട 22 വിദ്യാർത്ഥികളിൽ രണ്ടുപേർ ഒഴികെ എല്ലാവരും തന്നെ തമിഴ് മീഡിയം ക്ലാസ്സുകളിൽ അഡ്മിറ്റ് ചെയ്യപ്പെട്ടവരുമാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03/09/2021-ലെ ഉത്തരവ് പ്രകാരം തസ്തിക പുനർനിർണ്ണയം ചെയ്യുമ്പോൾ തമിഴ് മീഡിയത്തിൽ തസ്തികയൊന്നും നഷ്ടപ്പെടുന്നില്ല എന്ന വസ്തുതയും പരിഗണിക്കപ്പെടേണ്ടതാണ്. ആയതിനാൽ 2 2 കുട്ടികളെക്കൂടി തസ്തിക നിർണ്ണയത്തിൽ ഉൾപ്പെടുത്തി 2019-20 അക്കാദമിക വർഷം പാലക്കാട് ജില്ലാവിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഒറിജിനൽ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് നിലനിർത്തേണ്ടതാണ്.

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 03/09/2021-ലെ അന്തിമ ഉത്തരവിൽ കൃത്രിമ രേഖകൾ ചമച്ച് സ്കൂളിൽ അഡ്മിഷൻ നടത്തി സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിയതിന് സ്കൂൾ പ്രധാനാദ്ധ്യാപകനെതിരെയും കൃത്രിമ അഡ്മിഷനിലൂടെ അനധികൃത തസ്തികനിർണ്ണയത്തിന് വഴിയൊരുക്കിയ അദ്ധ്യാപകർക്കെതിരെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ സെക്ഷൻ 12എ അനുസരിച്ച് നടപടി ക്രമങ്ങൾ പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവുണ്ടായിട്ടുള്ളതാണ്. എന്നാൽ മലയാളം മീഡിയം 8-ാം സ്റ്റാൻ ഡേർ ഡിലെ 6 വിദ്യാർത്ഥികളെ വ്യാജ വിദ്യാർത്ഥികളെന്ന നിഗമനത്തിൽ ഒഴിവാക്കിയത് വസ്തുതകൾക്ക് നിരക്കുന്നതല്ല. ഈ ആറു വിദ്യാർത്ഥികളിൽ താഴെ പറയുന്ന അഞ്ച് വിദ്യാർത്ഥികൾ 2022 മാർച്ച് മാസത്തിൽ നടക്കാൻപോകുന്ന എസ്.എസ്.എൽ.സി

പരീക്ഷയിൽ ഈ സ്കൂളിലെ റഗുലർ വിദ്യാർത്ഥികൾ എന്ന നിലയിൽ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് എൻറോൾ ചെയ്യപ്പെട്ടവരാണ്.

1. അഡ്മിഷൻ നം. 25826 ഗോപകുമാർ ജി. (ക്രമ നം. 8)
2. അഡ്മിഷൻ നം. 25089 വിഷ്ണു ശങ്കർ.എസ് (ക്രമ നം.7)
3. അഡ്മിഷൻ നം.25916 യദുകൃഷ്ണൻ ആർ (ക്രമ നം.10)
4. അഡ്മിഷൻ നം.24984 അഖിലേഷ് വേണു (ക്രമ നം. 10)
5. അഡ്മിഷൻ നം. 25893 മുരുകൻ എസ് (ക്രമ നം.12)

മേൽ പ്പറഞ്ഞ 5 കുട്ടികളെ 2 0 2 2 മാർച്ച് മാസത്തിൽ വണ്ടിത്താവളം കെ.കെ.എം എച്ച്.എസ്.എസ്സിൽ നിന്നും 10-ാം ക്ലാസ്സിലെ റഗുലർ വിദ്യാർത്ഥികളായി ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഈ അഞ്ച് കുട്ടികളെ റഗുലർ വിദ്യാർത്ഥികളായി തന്നെ കണക്കിലെടുത്ത് വ്യാജ വിദ്യാർത്ഥികളുടെ പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതാണ്. 2019-20 ൽ 8-ാം സ്റ്റാൻഡേർഡിൽ പഠിച്ചിരുന്ന ഈ അഞ്ചുകുട്ടികളും ഇപ്പോൾ 10-ാം സ്റ്റാൻഡേർഡിൽ ഈ സ്കൂളിൽ റഗുലർ വിദ്യാർത്ഥികളായി തുടർന്നു വരുന്നു എന്നത് പാലക്കാട് ജില്ലാവിദ്യാഭ്യാസ ഓഫീസർ മുഖേന അന്വേഷണം നടത്തി ഉറപ്പ് വരുത്താവുന്നതുമാണ്. ആയതിനാൽ ഈ 5 കുട്ടികളെ ഒഴിവാക്കി 8-ാം ക്ലാസ്സിലെ ഒരു ഡിവിഷനും ഒരു എച്ച്.എസ്. എ തസ്തികയും കുറവ് ചെയ്തത് വസ്തുതാപരമായി നിലനിൽക്കാത്തതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകണമെന്നും അപേക്ഷിക്കുന്നു.

3. 2019-20ൽ ഒമ്പതാം സ്റ്റാൻഡേർഡിൽ പഠിച്ചിരുന്ന താഴെ പറയുന്ന മൂന്ന് കുട്ടികളും 2021 മാർച്ച് മാസത്തിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ ഈ സ്കൂളിലെ റഗുലർ വിദ്യാർത്ഥികൾ എന്ന നിലയിൽ എസ്.എസ്. എൽ.സി പരീക്ഷയ്ക്ക് എൻറോൾ ചെയ്തവരാണ്. ഇതിൽ ദേവിക എന്ന വിദ്യാർത്ഥി ഫുൾ എ പ്ലസ് നേടിയ കുട്ടിയുമാണ്

1) ധനുഷ് എം. അഡ്മിൻ. നം. 25566 9എ. (മലയാളം മീഡിയം) (ക്രമ നം. 13)

2) മഞ്ജു.എം. അഡ്മിഷൻ നം. 25938 9 എ (മലയാളം മീഡിയം) (ക്രമ നം.14)(എന്നാൽ ഈ കുട്ടി ക്യാൻസർ പേഷ്യന്റ് ആയതിനാൽ പരീക്ഷ എഴുതാൻ കഴിയാതെ വന്നിട്ടുള്ളതാണ്. പരീക്ഷാഭവൻ സെക്രട്ടറി ഒപ്പിട്ട ടിയാളുടെ കാന്റിഡേച്ചർ ക്യാൻസലേഷൻ സർട്ടിഫിക്കറ്റിന്റെ

പകർപ്പ് അനുബന്ധം-22 ൽ കാണാവുന്നതാണ്.)

3) ശ്രീമതി. ദേവിക അഡ്മിഷൻ നം 24727 9 ജി (മലയാളം) (ക്രമ നം. 15) (ഈ കുട്ടി ഫുൾ എ+ സ്കോർ ചെയ്താണ് എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിട്ടുള്ളത് എന്നത് ശ്രദ്ധാർഹമാണ്.)

4. താഴെ പറയുന്ന രണ്ട് കുട്ടികൾ 2020 മാർച്ച് പരീക്ഷയിൽ ഈ സ്കൂളിലെ റഗുലർ വിദ്യാർത്ഥികളെന്ന നിലയിൽ പരീക്ഷയെഴുതിയവരും എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിട്ടുള്ളവരുമാണ്.

1) സഞ്ജയ് ജെ, അഡ്മിഷൻ നം. 24889 10എ മലയാളം (ക്രമ നം.16) ടിയാൾ 2020 മാർച്ച് മാസത്തിൽ എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിട്ടുള്ളതാണ്.

2) പ്രശാന്ത്. എസ്. അഡ്മിഷൻ നം. 24470 - 10 ജി മലയാളം (ക്രമ നം.17) ടിയാൾ 2020 മാർച്ച് മാസത്തിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയിട്ടുള്ളതും പാസ്സായിട്ടുള്ളതുമാണ്.

മേൽപ്പറഞ്ഞ രണ്ട് കുട്ടികളെ വ്യാജ വിദ്യാർത്ഥികളുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ 3.9.2021-ലെ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ഇവരെ കൂടി വ്യാജ വിദ്യാർത്ഥികൾ എന്ന നിലയിൽ ഉൾപ്പെടുത്തിയാണ് തസ്തിക പുനർനിർണ്ണയം നടത്തുന്നതിന് ഉത്തരവായിട്ടുള്ളത്. ആയതിനാൽ യാഥാർത്ഥ്യ ബോധത്തോടെയല്ല പൊതുവിദ്യാഭ്യാസ ഡയറക്ടർ 3.9.2021-ലെ ഉത്തരവ് പുറപ്പെടുവിച്ചതെന്ന വസ്തുത നിലനിൽക്കുന്നു.

5 ) പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം തസ്തിക നഷ്ടപ്പെടാനിടയുള്ള അദ്ധ്യാപിക എച്ച്.എസ്.എ(എൻ.എസ്) തസ്തിക യിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി. എ.ഇ. മീര മാത്രമാണ്. എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി. ഡി ദീപയ്ക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1:40 അനുപാതത്തിൽ ഇതേ സ്കൂളിൽ തന്നെ തുടരാവുന്ന അദ്ധ്യാപികയുമാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ യാഥാർത്ഥ്യബോധമില്ലാതെ പുറപ്പെടുവിച്ച ഉത്തരവ് നിലനിൽക്കുകയാണെങ്കിൽപോലും തസ്തിക നഷ്ടപ്പെടാനിടയുള്ള എച്ച്.എസ്.എ (എൻ.എസ്) അദ്ധ്യാപികയായ ശ്രീമതി. എ.ഇ. മീര 2002 മുതൽ എച്ച്.എസ്.എ (എൻ.എസ്) തസ്തികയിൽ തുടർന്നുവരുന്ന അദ്ധ്യാപികയാണ്. ആയതിനാൽ ടിയാൾക്ക് ഈ സ്കൂളിൽ തസ്തിക നഷ്ടപ്പെട്ടാൽ പോലും സംരക്ഷിതാദ്ധ്യാപികയായി തുടരാൻ അർഹതയുള്ളതിനാൽ സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നില്ല.

മേൽപ്പറഞ്ഞ വസ്തുതകൾ വസ്തുതാപരമായ യാഥാർത്ഥ്യങ്ങൾ പരിഗണനയിലെടുത്ത് വ്യാജമായി മുദ്രകുത്തപ്പെട്ട 17 വിദ്യാർ ത്ഥികളിൽ 2 വിദ്യാർത്ഥികളൊഴികെ ബാക്കിയെല്ലാവരും ഈ സ്കൂളിൽ 2020-21 ലും 2021-22 ലും തുടർന്നുവന്ന വിദ്യാർത്ഥികളാണ് എന്ന് പാലക്കാട് ജില്ലാവി വിദ്യാഭ്യാസ ഓഫീസർ മുഖേനെ ഉറപ്പാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്യണമെന്നും അനന്തര നടപടികൾ ഒഴിവാക്കണമെന്നും അപേക്ഷിക്കുന്നു. ഇപ്രകാരം കോടതി വിധി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു.”

2) ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പാലക്കാട് വിദ്യാഭ്യാസ ജില്ലയിലെ വണ്ടിത്താവളം കെ.കെ.എം.എച്ച്.എസ് ന്റെ 2019-20 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം 39 ക്ലാസ്സ് ഡിവിഷനും, അനുബന്ധ തസ്തികകളും അനുവദിച്ച് കൊണ്ട് ഈ കാര്യാലയത്തിൽ നിന്ന് ഉത്തരവായിട്ടുണ്ട്. തസ്തിക നിർണ്ണയം പരിശോധിക്കുന്നതിനായി കോഴിക്കോട് സൂപ്പർ ചെക്ക് സെൽ 27.11.2019, 22.01.2020 തീയതികളിലായി സ്കൂൾ സന്ദർശിച്ച് പരിശോധന നടത്തുകയും 3 7 കൃത്രിമ അഡ്മിഷനുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 8-ാം ക്ലാസ്സിലെ ഒരു ഡിവിഷൻ അനുബന്ധ തസ്തികയും കുറയുന്നുണ്ട്.

| | | V | VI | VII | VIII | IX | X | Total |
|---|---|---|---|---|---|---|---|---|
| ആറാമത്തെ പ്രവർത്തി ദിനത്തെ എണ്ണം | മ | 161 | 188 | 157 | 213 | 199 | 210 | 1128 |
| | ത | 16 | 8 | 15 | 12 | 11 | 11 | 73 |
| സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയ കൃത്രിമ വിദ്യാർത്ഥികളുടെ എണ്ണം | മ | 1 | 2 | - | 6 | 3 | 2 | 14 |
| | ത | 7 | 2 | 2 | 5 | 3 | 4 | 23 |
| കൃത്രിമ അഡ്മിഷൻ ഒഴിവാക്കിയ റോൾ സ്ട്രെങ്ത് | മ | 160 | 186 | 157 | 207 | 196 | 208 | 1114 |
| | ത | 9 | 6 | 13 | 7 | 8 | 7 | 50 |
| പുതുക്കിയ റോൾ സ്ട്രെങ്ത് അനുസരിച്ച് 2019-20 അനുവദിക്കുന്ന ഡിവിഷനുകൾ | മ | 5 | 6 | 5 | 6 | 5 | 6 | 32 |
| | ത | 1 | 1 | 1 | 1 | 1 | 1 | 6 |
| 2019-20 വർഷത്തിൽ ഡി.ഇ.ഒ അനുവദിച്ച ഡിവിഷനുകൾ | മ | 5 | 6 | 5 | 7 | 5 | 5 | 33 |
| | ത | 1 | 1 | 1 | 1 | 1 | 1 | 6 |
| അധികമായി അനുവദിച്ച ഡിവിഷനുകൾ | മ | - | - | - | 1 | - | - | 01 |
| | ത | - | - | - | - | - | - | - |

37 (കൃത്രിമ വിദ്യാർത്ഥികളുടെ <u>മലയാളം മീഡിയം</u>

എണ്ണം ഒഴിവാക്കിയതിനെ തുടർന്ന് Std 8 9 10

അനുവദിക്കാവുന്ന ഡിവിഷനുകൾ) എച്ച്.എസ് വിഭാഗം 16 6 5 5

Std 5 6 7

യു.പി.വിഭാഗം 16 5 6 5

<u>തമിഴ് മീഡിയം</u>

Std 3 8 9 10

എച്ച്.എസ്.വിഭാഗം 1 1 1

Std 3 5 6 7

യു.പി.വിഭാഗം 1 1 1

37 കൃത്രിമ വിദ്യാർത്ഥികളുടെ എണ്ണം ഒഴിവാക്കിക്കൊണ്ട് തസ്തിക നിർണ്ണയം നടത്തുമ്പോൾ 8 Std ൽ ഡിവിഷൻ കുറയുന്നു. ഇത് മൂലം നഷ്ടപ്പെടുന്ന തസ്തിക എച്ച്.എസ്.എ ഇംഗ്ലീഷ് ആണ്. എന്നാൽ മലയാള മീഡിയത്തിൽ എച്ച്.എസ് വിഭാഗത്തിൽ 16 ഡിവിഷനുകളാണ് അനുവദിക്കുവാൻ കഴിയുക. ഇത് പ്രകാരം അനുവദിക്കാവുന്ന കോർ വിഷയങ്ങൾ.

| PS | NS | Maths | SS | Eng. | ആകെ |
|---|---|---|---|---|---|
| 3 | 2 | 4 | 4 | 3 | 16 |

തസ്തിക നിർണ്ണയം നടത്തുമ്പോൾ തസ്തിക നടുന്ന ക നിലനിർത്തുന്നതിനായി 1:40 അനുപാതത്തിൽ അനുവദിക്കാവുന്ന ഡിവിഷനുകളും തസ്തികകളും

| | VIII | IX | X | ആകെ |
|---|---|---|---|---|
| സ്റ്റ്രെങ്ങ്ത് | 207 | 196 | 208 | 611 |
| അനുവദിക്കാവുന്ന ഡിവിഷനുകൾ | 6 | 5 | 6 | 17 |

| PS | NS | Maths | SS | Eng. |
|---|---|---|---|---|
| 3 | 2 | 4 | 4 | 4 |

1:40 അനുപാതത്തിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ എച്ച്.എസ്.എ ഇംഗ്ലീഷിന്റെ തസ്തിക നിലനിർത്തപ്പെടുകയും എന്നാൽ എച്ച്.എസ്.എ നാച്ചറൽ സയൻസിന്റെ തസ്തിക നഷ്ടപ്പെടുകയും ചെയ്യുന്നു. ഈ തസ്തികയിൽ ജോലിചെയ്യുന്ന ശ്രീമതി. മീരയുടെ തസ്തിക നഷ്ടപ്പെടും. ഇവർക്ക് സംരക്ഷിതാനുകൂല്യം ഉണ്ട്. പ്രസ്തുത അദ്ധ്യാപികയുടെ പേര് സംരക്ഷിതാധ്യാപികയുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ ഉപഡയറക്ടറോട് നിർദ്ദേശം നൽകാവുന്നതാണ്. അതോടൊപ്പം ഒരു

എഫ്.ടി.എം തസ്തികയും നഷ്ടപ്പെടുന്നു. തസ്തിക നഷ്ടപ്പെടുന്ന ജീവനക്കാരുടെ പേര്

1. മീര.എ.ഇ., എച്ച്.എസ്.ടി (എൻ.എസ്) 03/11/97 (ജോലിയിൽ പ്രവേശിച്ച തീയതി)

2. വി.വിവേക്, എഫ്.ടി.സി.എം 01/09/12 (ജോലിയിൽ പ്രവേശിച്ച തീയതി

സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയ 37 കൃത്രിമ വിദ്യാർത്ഥികളെ സംബന്ധിക്കുന്ന ഒരു റിപ്പോർട്ട് പ്രധാനദ്ധ്യാപകൻ ഈ കാര്യാലയത്തിൽ സമർപ്പിച്ചിരിക്കുന്നു.

സൂപ്പർ ചെക്ക് പരിശോധന നടത്തുമ്പോൾ കെ.കെ.എം.എച്ച്.എസ് വണ്ടിത്താവളം സ്കൂളിൽ 1128 വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. സൂപ്പർ ചെക്ക് സെല്ലിന്റെ ആദ്യ പരിശോധനയിൽ 125 വിദ്യാർത്ഥികൾ ഹാജരില്ലായിരുന്നു എന്നാണ്. സ്കൂളിലെ അഡ്മിഷൻ രജിസ്റ്റർ, മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധിച്ചതിൽ കൃത്രിമ കുട്ടികളുടെ എണ്ണം 3 7 ആയി കുറഞ്ഞു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എസ്.സി/21/2020 കെ.കെ ഡി തീയതി 03/09/2021 എന്ന ഉത്തരവിൽ 3 7 കൃത്രിമ വിദ്യാർത്ഥികളുടെ എണ്ണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ 37 വിദ്യാർത്ഥികളെ സംബന്ധിക്കുന്ന ചില രേഖപ്പെടുത്തലുകൾ പ്രധാനാദ്ധ്യാപകൻ സമർപ്പിച്ചിരിക്കുന്നു ടി വിദ്യാലയത്തിൽ 22 വിദ്യാർത്ഥികൾ (തമിഴ് മീഡിയം) പേര് നീക്കം ചെയ്ത് പോയിട്ടുണ്ട്. ഇതിൽ 12 പേർ സമ്പൂർണ്ണ ടി.സി പ്രകാരമാണ് പോയിട്ടുള്ളത്. ഈ 22 തമിഴ് മീഡിയം കുട്ടികളുടെ റിമൂവൽ കൊണ്ട് തമിഴ് മീഡിയം വിഭാഗത്തിലെ തസ്തിക നിർണ്ണയത്തെ ബാധിക്കുന്നില്ല. ബാക്കിയുള്ള 15 കുട്ടികൾ മലയാളമീഡിയത്തിലെ വിദ്യാർത്ഥികളാണ്. ഇതിൽ 5 പേർ ഈ വർഷം(2021-22) എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നുണ്ട്. 3 കുട്ടികൾ 20-21 വർഷത്തിൽ പത്താം ക്ലാസ് കഴിഞ്ഞു. 5 കുട്ടികൾ (Std.VII, VIII ലായി പഠിച്ചുകൊണ്ടിരിക്കുന്നു. 2 കുട്ടികൾ ടി.സി വാങ്ങി പോയതായി പ്രധാനാദ്ധ്യാപകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

3) സൂപ്പർ ചെക്ക് സെൽ ഓഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കോഴിക്കോട് സൂപ്പർ ചെക്ക് സെൽ 27/11/19, 22/01/2020 തിയ്യതികളിൽ വണ്ടിത്താവളം കെ.കെ.എം. ഹൈസ്കൂളിൽ നടത്തിയ പരിശോധനകളിൽ 3 9 കൃത്രിമ അഡ്മിഷനുകളാണ് കണ്ടെത്തിയത്. 2019-20 വർഷത്തിൽ ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം റോളിൽ നിന്ന് നീക്കം ചെയ്ത (ടി.സി ഇല്ലാതെ) 22 വിദ്യാർത്ഥികളും സൂപ്പർ ചെക്ക് സെല്ലിന്റെ 2 പരിശോധനയിലും ഹാജരില്ലാത്ത 1 5 വിദ്യാർത്ഥികളും കൂടി 3 7 വിദ്യാർത്ഥികളെയാണ് കൃത്രിമ അഡ്മിഷനായി കണ്ടെത്തിയത്. താഴെ കാണിച്ചിരിക്കുന്ന 2 7 വിദ്യാർത്ഥികളെയാണ് ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം തുടർച്ചയായി ഹാജരില്ലാത്തതിനാൽ സ്കൂളിലെ റോളിൽ നിന്നും നീക്കം ചെയ്തത്.

| ക്രമ നം. | അഡ്മിഷൻ നം. | പേര് | ക്ലാസ് | നീക്കം ചെയ്ത തീയതി |
|---|---|---|---|---|
| 1 | 25641 | അരുൺകുമാർ.എം | IX F | 01/08/2019 |
| 2 | 25640 | അരവിന്ദ്കുമാർ.എം | IX F | 01/08/2019 |
| 3 | 25642 | ബാലകൃഷ്ണൻ.എൻ | IX F | 01/08/2019 |
| 4 | 25400 | സൂര്യ.കെ | VII F | 01/08/2019 |
| 5 | 23372 | ശിവരാജ്.എൻ | X F | 01/08/2019 |
| 6 | 25373 | വിഘ്നേശ്വരൻ.പി | X F | 01/08/2019 |
| 7 | 25374 | അരുൺകുമാർ.എസ് | VIII F | 29/07/2019 |
| 8 | 24567 | അഭിജിത്.എം | X G | 30/09/2019 |
| 9 | 25648 | ശക്തിവേൽ.കെ | VI F | 30/09/2019 |
| 10 | 25776 | അജിത് കുമാർ.എസ് | V F | 28/06/2019 |
| 11 | 25777 | ഹർഷൻ.കെ | V F | 28/06/2019 |
| 12 | 25778 | നിർമൽ കുമാർ.എ | V F | 30/07/2019 |
| 13 | 25779 | സന്തോഷ് കുമാർ.എം | V F | 30/07/2019 |
| 14 | 25775 | കീർത്തന | VF | 30/07/2019 |
| 15 | 25091 | റിഫാസ് എസ് | VIII F | 22/07/2019 |
| 16 | 25090 | ഷിഫാസ് എസ് | VIII F | 22/07/2019 |
| 17 | 25698 | ശ്രേയസ്സ് എസ് | VI F | 26/08/2019 |
| 18 | 25149 | എലൻകോ.എസ് | VIII F | 29/08/2019 |
| 19 | 253071 | നാഗരാജ് കെ | X F | 02/09/2019 |
| 20 | 24388 | സുജിത്ര.കെ | X B | 30/10/2019 |
| 21 | 25175 | പുനിത്.എസ് | X F | 29/11/2019 |
| 22 | 25370 | റാം.കെ | X F | 02/09/2019 |

മേൽപ്പറഞ്ഞ വിദ്യാർത്ഥികൾ തുടർച്ചയായി 1 5 ദിവസത്തിലധികം സ്കൂളിൽ ഹാജരില്ലാത്തതുകാരണമാണ് റോളിൽ നിന്ന് നീക്കം ചെയ്തതെന്ന് പ്രധാനാദ്ധ്യാപകൻ അറിയിച്ചു. മേൽപ്പറഞ്ഞ വിദ്യാർത്ഥികളിൽ ക്രമ നം. 8, 20 വിദ്യാർ ത്ഥികളൊഴികെയുള്ള 2 0 വിദ്യാർത്ഥികളും തമിഴ് ഭാഷാ പഠനം നടത്തുന്നവരും ക്രമ നം. 8,20 വിദ്യാർത്ഥികൾ മലയാളഭാഷ പഠിക്കുന്നവരുമാണ്. മേൽപ്പറഞ്ഞവരിൽ ക്രമ നം. 10 മുതൽ 14 വരെയുള്ള 5 വിദ്യാർ ത്ഥികൾ 2019-2 0 വർഷത്തിൽ സ്കൂളിൽ പ്രൈവറ്റ് സ്റ്റഡി ആയി പ്രവേശനം നേടിയവരും അതേ വർഷം തന്നെ റോളിൽ നിന്ന് നീക്കം ചെയ്യപ്പെട്ടവരുമാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 16/06/18 നുള്ള എച്ച് (2) 21500/2018/ഡി.പി.ഐ നം. പരിപത്രത്തിലൂടെ സംസ്ഥാനത്തെ സ്കൂളുകളിൽ ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം ടി.സി മുഖേന കുട്ടികളെ വിടുതൽ ചെയ്യുകയോ, നീക്കം ചെയ്യുകയോ ചെയ്താൽ പ്രസ്തുത വിവരം 7 ദിവസത്തിനകം ബന്ധപ്പെട്ട ഹെഡ് മാസ്റ്റർമാർ പൊതു വിദ്യാഭ്യാസ ഡയറക്ടറെയും ബന്ധപ്പെട്ട വിദ്യഭ്യാസ ഓഫീസറെയും അറിയിക്കേണ്ടതും ബന്ധപ്പെട്ട വിദ്യാഭ്യാസ

ഓഫീസർ ഇത് സംബന്ധിച്ച് പരിശോധന നടത്തി സ്കൂളുകളിൽ അനധികൃത ഡിവിഷനുകളും തസ്തികകളും സൃഷ്ടിക്കാനായി കൃത്രിമ അഡ്മിഷൻ നൽകിയതായി ബോധ്യപ്പെടുന്ന പക്ഷം കെ.ഇ.ആർ അധ്യായം 23 റൂൾ 15 അനുസരിച്ച് വിദ്യാഭ്യാസ ഓഫീസർമാർ തന്നെ തസ്തിക പുനർ നിർണ്ണയം നടത്തി തസ്തികകൾ കുറവു ചെയ്യേണ്ടതും ഇതു വഴി സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം പ്രധാനാദ്ധ്യാപകനിൽ നിന്നും ക്ലാസ്സദ്ധ്യാപകരിൽ നിന്നും അച്ചടക്ക നടപടിയുടെ ഭാഗമായി ഈടാ കോണ്ടതാണെന്നും മുഴുവൻ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രധാനാദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സ്കൂളിൽ നിന്ന് ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം 22 വിദ്യാർത്ഥികളെ റോളിൽ നിന്ന് നീക്കം ചെയ്തിട്ടും ഇക്കാര്യം വിദ്യാഭ്യാസ ഓഫീസറെയൊന്നും പ്രധാനാദ്ധ്യാപകൻ അറിയിച്ചിട്ടില്ലാത്തതാണ്. എന്നാൽ പ്രധാനാദ്ധ്യാപകന്റെ ഹർജിയിൽ കാണിച്ചിട്ടുള്ള ആർ.എ(1) 67927/90/എൽ.ഡി.സ്/ഡി.പി.ഐ നം. ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളത് 16/6/18-നുള്ള സർക്കുലറിന് മുമ്പേ ആയതിനാൽ ഇക്കാര്യം ബാധകമാക്കേണ്ടതില്ലാത്തതാണ്. അതുപോലെ 10/11/2009-നുള്ള 4664/2009/പൊതു വിദ്യാഭ്യാസ വകുപ്പ് സർക്കാർ ഉത്തരവിൽ കാണിച്ചിരിക്കുന്നത് കെ.ഇ.ആർ അധ്യായം 23 റൂൾ 15 പ്രകാരമുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ തസ്തിക പുനർ നിർണ്ണയമാണ്. എന്നാൽ വണ്ടിത്താവളം കെ.കെ.എം. ഹൈസ്കൂളിന്റെ തസ്തിക നിർണ്ണയം കെ.ഇ.ആർ അധ്യായം 23 റൂൾ 12 ഇ (3), റൂൾ 16 അനുസരിച്ചാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ തസ്തിക നിർണ്ണയം പുനർ നിർണ്ണയിച്ചത് മേൽപ്പറഞ്ഞ റൂൾ അനുസരിച്ച് സ്കൂളുകളിൽ വിദ്യാഭ്യാസ ഓഫീസർമാർ നടത്തിയ തസ്തിക നിർണ്ണയം കെ.ഇ.ആർ അധ്യായം 2 3 റൂൾ 1 6 അനുസരിച്ച് സൂപ്പർ ചെക്ക് ഓഫീസർക്ക് പരിശോധിക്കാനും കൃത്രിമ അഡ്മിഷനുകൾ കണ്ടെത്തിയാൽ സൂപ്പർ ചെക്ക് ഓഫീസറുടെ പരിശോധനാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറെ കെ.ഇ.ആർ അധ്യായം 2 3 റൂൾ 1 2 ഇ ( 3 ) അനുസരിച്ച് തസ്തിക പുനർ നിർണ്ണയം നടത്താൻ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

മേല്പറഞ്ഞ ചട്ടപ്രകാരം കോഴിക്കോട് സൂപ്പർ ചെക്ക് ഓഫീസറുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ വണ്ടിത്താവളം കെ.കെ.എം ഹയർ സെക്കണ്ടറി സ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം പുനർ നിർണ്ണയിക്കപ്പെട്ടത്. ശ്രീ.എ.ശശികുമാറിന്റെ ഹർജിയിൽ കാണിച്ചിരിക്കുന്ന 10/11/09-നുള്ള ഉത്തരവിലൂടെ (സ.ഉ (സാധാ) 4664/2009/പൊ.വി.വ) തസ്തിക പുനർനിർണ്ണയം റദ്ദാക്കിയത് കെ.ഇ.ആർ അധ്യായം 23 റൂൾ 12 ഇ (3) റൂൾ 16 പ്രകാരമുള്ള തസ്തിക പുനർ നിർണ്ണത്തിന് ബാധകമല്ലാത്തതാണ്.

സമ്പൂർണ്ണ വഴിയുള്ള ടി.സി ട്രാൻസ്ഫർ ആണെങ്കിൽ കൂടി ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം റോളിൽ നിന്ന് നീക്കം ചെയ്ത 22 വിദ്യാർത്ഥികൾ സ്കൂളിൽ ഹാജരായിരുന്നതായി തെളിയിക്കുന്ന ഒരു

രേഖകളും സ്കൂളിൽ ലഭ്യമല്ലാത്തതാണ്. ആയതിനാൽ 2 2 അഡ്മിഷനുകളും കൃത്രിമ അഡ്മിഷനായി കണക്കാക്കാനേ കഴിയുകയുള്ളൂ.

സൂപ്പർചെക്ക് സെല്ലിന്റെ 2 സന്ദർശനങ്ങളിലും ഹാജരില്ലാത്ത താഴെ കാണിച്ചിരിക്കുന്ന വിദ്യാർ ത്ഥികൾ 22/02/2022-ന് സ്കൂളിൽ നടത്തിയ പരിശോധനയിൽ സ്കൂളിൽ ഹാജരായതായി കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നം. | അഡ്മിഷൻ നം. | പേര് | 2019 വർഷത്തിൽ പഠിച്ച ക്ലാസ്സ് | 2021-22 വർഷത്തിൽ പഠിക്കുന്ന ക്ലാസ്സ് |
|---|---|---|---|---|
| 1 | 25713 | സജിത്.കെ | V B | VII B |
| 2 | 25907 | പ്രവീൺ.എസ് | V F | VII F |
| 3 | 25905 | പ്രദീഷ്.എസ് | V F | VII F |
| 4 | 25665 | ഉദയകുമാർ എ | VI F | VIII F |
| 5 | 25089 | വിഷ്ണു ശങ്കർ | VIII A | X A |
| 6 | 25826 | ഗോപകുമാർ ജി | VIII A | X A |

മേൽപ്പറഞ്ഞ വിദ്യാർത്ഥികൾ 22/2/22 ന് സ്കൂളിൽ നടത്തിയ പരിശോധനയിൽ ഹാജരുള്ളതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവരെ കൃത്രിമ അഡ്മിഷനിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

അതോടൊപ്പം സൂപ്പർ ചെക്ക് പരിശോധനയിൽ 2 ദിവസവും ഹാജരില്ലാതെ താഴെ കാണിച്ചിരിക്കുന്ന വിദ്യാർത്ഥിക്ക് 3/6/2021 -ന് തത്തമംഗലം സ്പെഷ്യൽ സ്കൂളിലേക്ക് ടി.സി. നൽകിയതായി കാണിച്ചിട്ടുണ്ട്.

| ക്രമ നം. | അഡ്മിഷൻ നം. | പേര് | 2019-20 വർഷത്തിൽ പഠിച്ച ക്ലാസ്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 25922 | ജിനേഷ്.എസ് | VIII A |

ടി. വിദ്യാർത്ഥിയുടെ ടി.സി നൽകിയ സ്കൂളിൽ നടത്തിയ പരിശോധനയിൽ ഈ വിദ്യാർത്ഥി തത്തമംഗലം സ്പെഷ്യൽ സ്കൂളിൽ അഡ്മിഷൻ നേടിയതായി കാണുന്നില്ല. എന്നാൽ ഇതേ യു.ഐ.ഡി നമ്പർ ഉള്ള ഒരു വിദ്യാർഥി അഡ്മിഷൻ നമ്പർ 7 5 ആയി സ്കൂളിൽ നേരത്തെ തന്നെ പഠനം നടത്തുന്നതായി കാണുന്നുണ്ട്. ആയതിനാൽ ഈ അഡ്മിഷൻ കൃത്രിമ അഡ്മിഷനായി മാത്രമേ കണക്കാക്കാനാവൂ. അതുപോലെ താഴെ കാണിച്ചിരിക്കുന്ന വിദ്യാർത്ഥികൾ 22/2/2022-ന് നടത്തിയ പരിശോധനയിലും ഹാജരുണ്ടായിരുന്നില്ല.

| ക്രമ നം. | അഡ്മിഷൻ നം. | പേര് | 2019-20 വർഷത്തിൽ പഠിച്ച ക്ലാസ്സ് | 2021-22 വർഷത്തിൽ പഠിക്കുന്നതായി കാണിച്ചിരിക്കുന്ന ക്ലാസ്സ് |
|---|---|---|---|---|
| 1 | 25916 | യദുകൃഷ്ണൻ.ആർ | VIII A | X A |
| 2 | 24984 | അഖിലേഷ് വേണു | VIII B | X B |
| 3 | 25893 | മുരുകൻ.എസ് | VIII B | X B |

മേൽപ്പറഞ്ഞ വിദ്യാർത്ഥികളിൽ ക്രമ നമ്പർ 1 യദുകൃഷ്ണൻ ആർ, ക്രമനമ്പർ 2 അഖി വേണു എന്നീ വിദ്യാർത്ഥികൾ അംഗപരിമിതികൾ ഉള്ള ഐ.ഇ.ഡി.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ്. ഇതിൽ യദുകൃഷ്ണൻ 80 % ഡിസബിലിറ്റിയുള്ളയാളും അഖിലേഷ് വേണു 90 % ഡിസബിലിറ്റിയുമുള്ളയാളാണ്. ഇവരെ എസ്.എസ്.എ ചുമതലപ്പെടുത്തിയ അധ്യാപിക വീട്ടിൽ പോയി പഠിപ്പിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ ഇവർ സ്കൂളിൽ ഹാജരാകാറില്ല. എന്നാൽ ഈ വർഷം നടക്കേണ്ടുന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ 'എ' ലിസ്റ്റ് തയ്യാറാക്കിയതിൽ മേൽപ്പറഞ്ഞ 3 വിദ്യാർത്ഥികളും ഉൾപ്പെട്ടിട്ടുണ്ട്. സ്കൂളിൽ ഹാജരായി പഠനം നടത്താൻ കഴിയുന്ന അംഗപരിമിതിയുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകളിൽ പ്രവേശനം നടത്താൻ നിർദ്ദേശമുള്ളൂ. 2019-20 വർഷത്തിൽ വണ്ടിത്താവളം കെ.കെ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എട്ടാം ക്ലാസ്സിലെ മലയാളം പഠിക്കുന്ന വിദ്യാർത്ഥികളുടെ

റോൾ സ്ട്രംഗ്ത് 213 ആണ്. 213 വിദ്യാർത്ഥികൾക്ക് 7 ക്ലാസ്സ് ഡിവിഷനുകളാണ് പാലക്കാട് ഡി.ഇ.ഒ അനുവദിച്ചിട്ടുള്ളത്. റോൾ സ്ട്രംഗ്ത് 211 മുതലാണ് 7 ഡിവിഷൻ അനുവദിക്കാൻ കഴിയുന്നത്. 210 വിദ്യാർത്ഥികൾക്ക് 6 ഡിവിഷനുകളേ അനുവദിക്കാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിലാണ് സ്കൂളിൽ ഹാജരായി പഠനം നടത്താൻ കഴിയാത്ത 2 വിദ്യാർത്ഥികൾക്കും മറ്റൊരു സ്കൂളിൽ പഠനം നടത്തുന്ന (ജിനേഷ്. എസ്. അഡ്മിഷൻ നമ്പർ 25826) വിദ്യാർത്ഥികളെയും റോളിൽ ഉൾപ്പെടുത്തി ഒരു അധിക ഡിവിഷനും ഒരു അധിക എച്ച്.എസ്.ടി തസ്തികയും അനുവദിച്ചു വാങ്ങിയത്. സ്കൂളിൽ ഹാജരാകാത്ത വിദ്യാർത്ഥികളെയും മറ്റൊരു സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥിയേയും റോൾസ്ട്രംഗ്തിൽ നിന്ന് ഒഴിവാക്കിയാൽ 2 1 0 മാത്രമേ ഉണ്ടാവുകയുള്ളൂ. 210 വിദ്യാർത്ഥികൾക്ക് 6 ഡിവിഷനെ അനുവദിക്കാൻ കഴിയുകയുള്ളൂ. സ്കൂളിൽ എട്ടാം ക്ലാസ്സിൽ ഏഴാമത്തെ ഡിവിഷൻ അനുവദിച്ചു കിട്ടുന്നതിനാണ് മേൽപ്പറഞ്ഞ 3 വിദ്യാർത്ഥികളെയും റോളിൽ ഉൾപ്പെടുത്തിയത് എന്ന് വ്യക്തമായ സാഹചര്യത്തിൽ മൂന്ന് വിദ്യാർത്ഥികളെയും (ജിനേഷ് എസ്, യദു കൃഷ്ണൻ, അഖിലേഷ് വേണു) കൃത്രിമ അഡ്മിഷനായി കണക്കാക്കി ഏഴാമത്തെ ഡിവിഷനും അധിക തസ്തികയും റദ്ദാക്കാവുന്നതാണ്.

2019-20 വർഷത്തിൽ സ്കൂളിൽ ഒമ്പതാം ക്ലാസ്സിൽ കൃത്രിമ അഡ്മിഷനായി കണക്കാക്കിയ താഴെ കാണിച്ചിരിക്കുന്ന വിദ്യാർത്ഥികൾ 2 0 2 1 മാർച്ച് മാസത്തിൽ സ്കൂളിൽ നടത്തിയ എസ്.എസ്.എൽ.സി പരീക്ഷയിൽ പങ്കെടുത്തതായി സർട്ടിഫിക്കറ്റുകൾ സ്കൂളധികൃതർ ഹാജരാക്കിയിട്ടുണ്ട്.

| ക്രമ നം. | അഡ്മിഷൻ നം. | പേര് | ക്ലാസ്സ് | എസ്.എസ്.എൽ.സി രജി. നമ്പർ |
|---|---|---|---|---|
| 1 | 24727 | ദേവിക ഡി | IX G | 413364 |

മേൽപ്പറഞ്ഞ വിദ്യാർത്ഥിനി 2021 മാർച്ച് മാസത്തിൽ സ്കൂളിൽ നിന്ന് എസ്.എസ്.എൽ.സി പരീക്ഷ എഴുതിയതായി സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനാൽ ടി വിദ്യാർത്ഥിനിയുടെ പേര് കൃത്രിമ അഡ്മിഷനിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

2020 മാർച്ച് മാസത്തിൽ നടത്തിയ എസ്.എസ്.എൽ.സി പരീക്ഷയിൽ പങ്കെടുത്ത താഴെ കാണിച്ച വിദ്യാർത്ഥികളെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 3/9/21 - നുള്ള എസ്.സി/21/2020/കെ.കെ.ഡി നമ്പർ ഉത്തരവിലൂടെ കൃത്രിമ അഡ്മിഷനിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം. | അഡ്മിഷൻ നം. | വിദ്യാർത്ഥിയുടെ പേര് | പഠിച്ച ക്ലാസ്സ് |
|---|---|---|---|
| 1 | 24567 | അഭിജിത്ത്.എം | X G |
| 2 | 24388 | സുചിത്ര.കെ | X B |

<u>കാരണങ്ങൾ</u>

(1) പൊതു വിദ്യാഭ്യാസ ഡയറക്ടർ 28/05/2021 — ന് ഇറക്കിയ എസ്.സി (1) 29041/2001 സി.പി.ഐ നമ്പർ സർക്കുലറിലൂടെയും പിന്നീട് 16/06/2018 ന് എച്ച് (2) 21500/2018/സി.പി.ഐ നമ്പർ പരിപത്രത്തിലൂടെയും സംസ്ഥാനത്തെ പല സ്കൂളുകളിലും സ്റ്റാഫ് നിർണ്ണയത്തിലെ മാർജിനൽ അഡ്ജസ്റ്റ്മെന്റുകൾക്കു വേണ്ടി സമീപപ്രദേശത്തെ സ്കൂളുകളിൽ നിന്നും ടി.സി മുഖേന അഡ്മിഷൻ നടത്തിയ ശേഷം ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം വൻതോതിൽ വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ ഫലമായി അർഹതയിൽ കൂടുതൽ അധ്യാപകരെ സ്കൂളുകളിൽ നിയമിക്കാൻ ഇടവരികയും തന്മൂലം സർക്കാരിന് വൻ സാമ്പത്തികനഷ്ടം ഉണ്ടാവുകയും ചെയ്യുന്നുണ്ടെന്നും ആയതിനാൽ സ്കൂളുകളിൽ ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷമുണ്ടാകുന്ന വിടുതലുകളും റോളിൽ നിന്നും നീക്കം ചെയ്യലുകളും ഏഴു ദിവസത്തിനകം പൊതു വിദ്യാഭ്യാസ ഡയറക്ടറേയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറേയും അറിയിക്കണമെന്നും വിദ്യാഭ്യാസ ഓഫീസർമാർ ഇക്കാര്യം പരിശോധിച്ച് ഈ അഡ്മിഷനുകൾ കൃത്രിമ അഡ്മിഷനുകൾ ആണെന് ബോധ്യപ്പെട്ടാൽ കെ.ഇ.ആർ അധ്യായം 2 3 റൂൾ 1 5 അനുസരിച്ച് വിദ്യാഭ്യാസ ഓഫീസർമാർ തന്ന കൃത്രിമ അഡ്മിഷനുകൾ ഒഴിവാക്കി തസ്തിക പുനർ നിർണ്ണയം ചെയ്യണമെന്നും സംസ്ഥാനത്തെ മുഴുവൻ പ്രധാനാദ്ധ്യാപകരെയും വിദ്യാഭ്യാസ ഓഫീസർമാരെയും അറിയിച്ചിട്ടുണ്ട്. വണ്ടിത്താവളം കെ.കെ.എം ഹയർ സെക്കണ്ടറി സ്കൂളിൽ 2019 -20 വർഷത്തിൽ ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം 2 2 വിദ്യാർത്ഥികളെ റോളിൽ നിന്ന് നീക്കം ചെയ്തിട്ടും ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഈ സ്കൂളിൽ 2019-20 വർഷത്തിൽ കുറേയധികം കൃത്രിമ അഡ്മിഷനുകൾ സൃഷ്ടിച്ചുകൊണ്ട് അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് സൂപ്പർ ചെക്ക് സെൽ 27/11/2019, 22/01/2020 തിയ്യതികളിലായി സ്കൂളിൽ സന്ദർശനം നടത്തി വിശദമായ പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ 2 2 വിദ്യാർത്ഥികളെ ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം റോളിൽ നിന്ന് നീക്കം ചെയ്തുവെങ്കിലും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എസ്.സി. (1) 29041/2001/ഡി.പി.ഐ. സർക്കുലറിന്റെ അടിസ്ഥാനത്തിൽ 16/06/2018-നുള്ള എച്ച്. (2) 21500/2018/സി.പി.ഐ നമ്പർ പരിപത്ര നിർദ്ദേശപ്രകാരമുള്ള ഒരു നടപടിയും പ്രാധാനാദ്ധ്യാപകൻ സ്വീകരിച്ചിരുന്നതായി കണ്ടെത്തിയിരുന്നില്ല. ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷമുള്ള മുഴുവൻ വിടുതലുകളും സൂപ്പർ ചെക്ക് സെൽ വിശദമായി പരിശോധിക്കുകയും ഈ വിദ്യാർത്ഥികൾ സ്കൂൾ ഹാജരായിരുന്നുവെന്ന് തെളിയിക്കാനാവശ്യമായ യാതൊരു രേഖകളും സൂപ്പർ ചെക്ക് സെൽ മുമ്പാകെയോ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെയോ സ്കൂളധികൃതർ ഹാജരാക്കിയിരുന്നില്ല. നീക്കം ചെയ്ത 22 വിദ്യാർത്ഥികളിൽ 2 പേരൊഴികെ 20 പേരും സ്കൂളിൽ തമിഴ് ഭാഷ മാതൃഭാഷയായി പഠിക്കുന്നവരാണ്. തമിഴ്നാട് അതിർത്തിയിലുള്ള സ്കൂളായിട്ടും ഈ സ്കൂളിൽ തമിഴ് ഭാഷ പഠിക്കുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്. ഇത് പെരുപ്പിച്ച് കാണിക്കാനാണ് 2 0 വിദ്യാർത്ഥികളെ തമിഴ്

ഭാഷ മാതൃഭാഷയായി പഠിക്കുന്ന കുട്ടികളായി ചേർത്തിട്ടുള്ളതെന്ന് സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയിട്ടുണ്ട്. പ്രധാനാധ്യാപകന്റെ ഹർജിയിൽ കാണിച്ചിരിക്കുന്ന 07/10/96 നുള്ള RA(1) 67927/90 എൽഡിസ് നമ്പർ ഉത്തരവ് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 28/05/2001 നുള്ള സർക്കുലറിനും 16/06/18 നുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരിപത്രത്തിനും മുമ്പേ ഇറക്കിയ ഉത്തരവായതിനാലും ഉത്തരവ് കെ.ഇ.ആർ അധ്യായം 2 3 റൂൾ 1 5 അനുസരിച്ച് വിദ്യാഭ്യാസ ഓഫീസർമാർ ഇറക്കിയ ഉത്തരവ് റദ്ദാക്കിക്കൊണ്ടുള്ളതുമാകയാൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സൂപ്പർ ചെക്ക് പരിശോധനയുടെ അടിസ്ഥാനത്തിൽ കെ.ഇ.ആർ അധ്യായം 23 റൂൾ 12 ഇ(3), റൂൾ 16 അനുസരിച്ചുള്ള തസ്തിക പുനർ നിർണ്ണയമായതിനാൽ മേൽപ്പറഞ്ഞ ഉത്തരവുകൾ ബാധകമല്ല എന്നും കാണുന്നു.

(2) ഈ ഹിയറിങ് നടത്തിയ ശേഷം സർക്കാരിൽ നിന്നും നൽകപ്പെട്ട നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സൂപ്പർ ചെക്ക് സെൽ നടത്തിയ പരിശോധനയിലും ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം റോളിൽ നിന്ന് നീക്കം ചെയ്ത 22 വിദ്യാർത്ഥികളും കൃത്രിമ അഡ്മിഷനല്ല എന്ന് തെളിയിക്കുന്ന യാതൊരു രേഖകളും സ്കൂളധികൃതർ ഹാജരാക്കിയിട്ടില്ല. മറിച്ച് 09/10/90 നുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും 10/11/09 നുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഈ നീക്കം ചെയ്യലുകൾ ഒഴിവാക്കിക്കൊണ്ട് തസ്തിക പുനർനിർണ്ണയം നടത്തേണ്ടതില്ല എന്ന വാദമാണ് പ്രധാനാദ്ധ്യാപകൻ ഉന്നയിക്കുന്നത്. എന്നാൽ മേൽപ്പറഞ്ഞ ഉത്തരവുകളിലൂടെയും റദ്ദാക്കപ്പെട്ടത് വിദ്യാഭ്യാസ ഓഫീസർമാരുടെ കെ. ഇ. ആർ അധ്യായം 2 3 റൂൾ 1 5 അനുസരിച്ച വിട്ടുതലുകൾ സംബന്ധിച്ച് അന്വേഷണവും പരിശോധനയുമില്ലാതെ നടത്തിയ തസ്തിക പുനർ നിർണ്ണയങ്ങളാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്ന തസ്തിക പുനർ നിർണ്ണയം കെ. ഇ. ആർ അധ്യായം 23 റൂൾ 16 അനുസരിച്ച് സൂപ്പർചെക്ക് ഓഫീസർ നടത്തിയ അന്വേഷണത്തിന്റെയും പരിശോധനയുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. ഈ സാഹചര്യത്തിൽ 9/10/90-നുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവും, 10/11/09 നുള്ള സർക്കാർ ഉത്തരവും കെ. ഇ. ആർ അധ്യായം 23 റൂൾ 12 ഇ (3), റൂൾ 16 അനുസരിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്ന തസ്തിക നിർ നിർണ്ണയങ്ങൾക്ക് ബാധകമല്ലാത്തതാണ്. എട്ടാം ക്ലാസ്സിൽ സൂപ്പർ ചെക്ക് പരിശോധനയിൽ കണ്ടെത്തത്തിയിട്ടില്ലാത്ത ത്തിയിട്ടില്ലാത്ത വിദ്യാർത്ഥികളിൽ അഡ്മിഷൻ നമ്പർ 25916, യദു കൃഷ്ണൻ.ആർ, എന്ന വിദ്യാർത്ഥി ഐ. ഇ. ഡി. വിഭാഗത്തിൽ പ്പെട്ട 8 0 % ഡിസബിലിറ്റി ഉള്ള വിദ്യാർത്ഥിയാണ്. അതു പോലെ (അഡ്മിഷൻ നമ്പർ 2 4 9 8 4 ) അഖിലേഷ് വേണു എന്ന വിദ്യാർത്ഥിയും ഐ.ഇ.ഡി വിഭാ ഗത്തിൽ പ്പെട്ട 9 0 % ഡിസബിലിറ്റി ഉള്ള വിദ്യാർത്ഥിയാണ്. ഈ രണ്ട് വിദ്യാർത്ഥികൾക്ക് സ്കൂളിൽ വരാൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടിട്ടും എട്ടാം ക്ലാസ്സിൽ ഒരു അധിക ഡിവിഷനും അധിക തസ്തികയും

സൃഷ്ടിക്കാൻ വേണ്ടി മേൽപ്പറഞ്ഞ വിദ്യാർത്ഥികളുടെ പേരിൽ അഡ്മിൻ സൃഷിക്കുകയാണ് പ്രധാനാദ്ധ്യാപകൻ ചെയ്തത്. അതേപോലെ എട്ടാം ക്ലാസ്സിൽ 2019-20 വർഷത്തിൽ പഠിക്കുന്നതായി കാണിച്ചിട്ടുള്ള (അഡ്മിഷൻ നമ്പർ 25922) ജിനേഷ് എന്ന വിദ്യാർത്ഥി സ്കൂളിനടുത്തുതന്നെയുള്ള തത്തമംഗലം പ്രതീക്ഷ സ്പെഷ്യൽ സ്കൂളിൽ നേരത്തെ തന്നെ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിദ്യാർത്ഥി യുടെ ആധാർ കാർഡ് സംഘടിപ്പിച്ച് ഈ വിദ്യാർത്ഥിയുടെ പേരിലും കൃത്രിമ അഡ്മിഷൻ ഉണ്ടാക്കുകയാണ് പ്രധാനാദ്ധ്യാപകൻ ചെയ്തിട്ടുള്ളത്. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ഗോപകുമാർ (അഡ്മിഷൻ നമ്പർ 25826) വിഷ്ണുശങ്കർ എസ് (അഡ്മിഷൻ നമ്പർ 25089) എന്നീ വിദ്യാർത്ഥികളെ സൂപ്പർ ചെക്ക് സെൽ 22/2/2022 ന് നടത്തിയ പരിശോധനയിൽ പത്താം ക്ലാസ് എ ഡിവിഷനിൽ പഠനം തുടരുന്നുണ്ട്. എന്നാൽ മുരുകൻ എസ്. (അഡ്മിഷൻ നമ്പർ 25893) എന്ന വിദ്യാർത്ഥി 3 പരിശോധനയിലും ഹാജരുണ്ടായിരുന്നില്ല എന്ന കാര്യം കൂടി അറിയിക്കുന്നു.

സ്കൂളിൽ സൂപ്പർ ചെക്ക് സെൽ മൂന്ന് പ്രാവശ്യം വിശദമായി പരിശോധന നടത്തിയെങ്കിലും 30 വിദ്യാർത്ഥികൾ ഇപ്പോഴും കൃത്രിമ അഡ്മിഷനാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഈ വിദ്യാർത്ഥികൾ യഥാർത്ഥത്തിലുള്ളതാണെന്ന് തെളിയിക്കാനാവശ്യമായ രേഖകളൊന്നും പ്രധാനാദ്ധ്യാപകൻ ഹാജരാക്കിയിട്ടില്ല എന്ന കാര്യം കൂടി അറിയിക്കുന്നു. ഈ സാഹചര്യത്തിൽ കൃത്രിമ അഡ്മിഷനിലൂടെ അനധികൃത തസ്തിക നിർണ്ണയത്തിന് വഴിയൊരുക്കിയ സ്കൂൾ പ്രധാനാദ്ധ്യാപകനെതിരേയും ക്ലാസ്സദ്ധ്യാപകർക്കെതിരെയും കേരളാ വിദ്യാഭ്യാസ ചട്ടം 1958 സെക്ഷൻ 12 അനുസരിച്ച് അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും അറിയിക്കുന്നു."

4) മേൽ വിവരിച്ച വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കോഴിക്കോട് സൂപ്പർ ചെക്ക് സെൽ 27/11/19, 22/01/2020 തിയ്യതികളിലും പിന്നീട് ഈ ഫയലിൽ സർക്കാർ തലത്തിൽ നടത്തിയ ഹിയറിങ്ങിനുശേഷം ഹിയറിങ്ങിനു ഹർജിക്കാർ ഹാജരാക്കിയിരുന്ന രേഖകളിലെ സാഹചര്യങ്ങളിന്മേൽ മറ്റൊരു ദിവസവും നടത്തിയ അന്വേഷണങ്ങളിൽ ബോഗസ് അഡ്മിഷൻ എന്നു കണ്ടെത്തിയ വിദ്യാർത്ഥികൾ യഥാർത്ഥത്തിലുള്ളതാണെന്ന് തെളിയിക്കാൻ സ്കൂൾ അധികൃതർക്കു കഴിഞ്ഞിട്ടില്ല. അതുകൊണ്ട് മുകളിൽ വിശദമായി പരാമർശിച്ചിട്ടുള്ള സൂപ്പർ ചെക്ക് സെൽ പരിശോധനാ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് ശരിവച്ചുകൊണ്ടും ഹർജിക്കാരൻ സമർപ്പിച്ച എക്സിബിറ്റ്.പി.5 റിവിഷൻ നിരസിച്ചുകൊണ്ടും അപ്രകാരം വണ്ടിത്താവളം കെ.കെ.എം.ഹയർ സെക്കണ്ടറി സ്കൂളിലെ ഹെഡ് മാസ്റ്റർ ശ്രീ.എ.ശശികുമാർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23727/2021 ലെ 01.11.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, കെ.കെ.എം.ഹയർ സെക്കണ്ടറി സ്കൂൾ, വണ്ടിത്താവളം, പാലക്കാട്
ശ്രീ.എ.ശശികുമാർ, ഹെഡ് മാസ്റ്റർ, കെ.കെ.എം.ഹയർ സെക്കണ്ടറി സ്കൂൾ, വണ്ടിത്താവളം, പാലക്കാട്
ശ്രീമതി.ഡി.ദീപ, എച്ച്.എസ്.എ(ഇംഗ്ലീഷ്), കെ.കെ.എം.ഹയർ സെക്കണ്ടറി സ്കൂൾ, വണ്ടിത്താവളം, പാലക്കാട്
ശ്രീമതി.എ.ഇ.മീര, എച്ച്.എസ്.എ(എൻ.എസ്), കെ.കെ.എം.ഹയർ സെക്കണ്ടറി സ്കൂൾ, വണ്ടിത്താവളം, പാലക്കാട്
ശ്രീ.വിവേക് വി, ഫുൾ ടൈം മീനിയൽ, കെ.കെ.എം.ഹയർ സെക്കണ്ടറി സ്കൂൾ, വണ്ടിത്താവളം, പാലക്കാട്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 18-04-2022 10:27:50**
സെക്ഷൻ ഓഫീസർ